നേരെക്കടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണം

63 (2002) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല-വൈക്കം നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നേരെക്കടവ്-മാക്കേകടവ് പാലം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

(ഡി) ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-ഡി) ഇക്കാര്യം സംബന്ധിച്ച് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

മാരാംവീട് പാലത്തിന്റെ പുനർനിർമ്മാണം

64 (2003) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം-വെച്ചൂർ റോഡിൽ ഏറ്റവും വീതി കുറഞ്ഞതും തിരക്കേറിയതുമായ മാരാംവീട് പാലം വീതികൂട്ടി നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലായി എന്നറിയിക്കാമോ ;

(ബി) ഇതിന് സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ടെണ്ടർ ക്ഷണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

ചെറുകുന്ന്-മുട്ടിൽകാപ്പ് റഗുലേറ്റർ നിർമ്മാണം

65 (2004) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് മുട്ടിൽകാപ്പ് റഗുലേറ്റർ നിർമ്മാണത്തിനുള്ള പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഇതിനകം സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി നബാർഡിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly